LIBRARY ARCHIVES Kerala Legislative Assembly

കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ഡോക്ടർമാരെ നിയമിക്കുന്നതിന്റെ മാനദണ്ഡം

139 [140] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ഡോക്ടർമാരുടെ എണ്ണം നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം എന്താണ്;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം സ്പെഷ്യലൈസ്ഡ് ഡോക്ടർമാരാണ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ വേണ്ടത്;

(സി) വടകരയിലെ ഓർക്കാട്ടേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ മാനദണ്ഡമനുസരിച്ചുള്ള ഡോക്ടർമാരുണ്ടോ; ഇല്ലെങ്കിൽ ആവശ്യത്തിനുള്ള ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇന്ത്യാ ഗവൺമെന്റിന്റെ അംഗീകൃത മാനദണ്ഡമനുസരിച്ച് ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഒരു സിവിൽ സർജൻ ഉൾപ്പെടെ 5 ഡോക്ടർമാർ ഉണ്ടായിരിക്കണം.

(ബി) ജനറൽ മെഡിസിൻ, സർജറി, ഗൈനക്കോളജിസ്റ്റ്, പീഡിയാട്രീഷ്യൻ, അനസ്തറ്റിസ്റ്റ് എന്നീ സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ഉണ്ടായിരിക്കണം. ഇതിൽ ഒരാൾ പബ്ലിക് ഹെൽത്ത് ആക്ടിവിറ്റിയിൽ പ്രത്യേക പരിശീലനം നേടിയ ആൾ ആയിരിക്കണം.

(സി) ഇല്ല. ഓർക്കാട്ടേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഇപ്പോൾ 4 ഡോക്ടർമാരുണ്ട്. ഇവരിൽ ഒരാൾ ഓഫ്താൽമോളജിസ്റ്റും ഒരാൾ പീഡിയാട്രീഷ്യനുമാണ്. മറ്റു രണ്ടു പേർ അസിസ്റ്റന്റ് സർജൻമാരാണ്. സ്പെഷ്യാലിറ്റി യോഗ്യതയുള്ള ഡോക്ടർമാരുടെ ലഭ്യതയനുസരിച്ച് ടി സെന്ററിൽ ആവശ്യത്തിനുള്ള ഡോക്ടർമാരെ നിയമിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

ഗുണനിലവാരം കുറഞ്ഞ മരുന്നുകളുടെ ഉപയോഗം

140 [141] ശ്രീ. ജോസഫ് എം. പുതുശ്ശേരി:

,, തോമസ് ഉണ്ണിയാടൻ:

,, സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്തിവയ്പു മരുന്നുകളുടെ ഗുണനിലവാരം കുറയുന്നതിന് പ്രധാന കാരണം കമ്മീഷൻ സമ്പ്രദായത്തിലെ പോരായ്മയാണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;